# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എറ്റിവിഎം./ജിപി.4/1158/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 15/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലരാമപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എറ്റിവിഎം./ജിപി.4/1158/2023 തീയ്യതി: 15/10/2023

## തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കലുകളും പരിശോധനയ്ക്ക് വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 24-07-2023 | 01-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 01-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.ലീന.പി.ബി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിന്ദുലത ബി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത്.എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീതാ ജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.മോഹനൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.വി.അപ്പുരകുമാർ വി.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.അപ്പുരകുമാർ വി.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.വേൽമുരുകൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ശാലിനി | വെറ്ററിനറി സർജൻ | 01-04-2022 | 17-04-2022 |
| ഡോ.മൃദുല | വെറ്ററിനറി സർജൻ | 18-04-2022 | 31-03-2023 |
| ഡോ.ബിജു.ആർ.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 27-04-2022 |
| ഡോ.അജിത്ത്കുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 28-04-2022 | 21-06-2022 |
| ഡോ.രജിത ഡി.ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 22-06-2022 | 31-03-2023 |
| ഡോ.ശ്രീജ.എസ്.നായർ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി | 01-04-2022 | 14-04-2022 |
| ഡോ.ലേഖ.ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 15-04-2022 | 27-04-2022 |
| ഡോ.വീണ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 28-04-2022 | 31-03-2023 |
| ഡോ.പ്രവിതകുമാരി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീദിവ്യ | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 28-12-2022 |
| ശ്രീ.മനോജ്.കെ.ആർ | സബ്ഇൻസ്പെക്ടർ ഓഫ് | 29-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഫിഷറീസ് | | |
| ശ്രീമതി.രുഗ്മിണി.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അജിതകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ ബി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 07-12-2022 |
| ശ്രീ.ഷംനാദ്.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-12-2022 | 21-12-2022 |
| ശ്രീ.വിജയകുമാർ.വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-12-2022 | 31-03-2023 |
| ശ്രീമതി.നിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 06-07-2022 |
| ശ്രീ.രതീഷ്കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ര്‍** |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കുകള്‍ക്കൊപ്പം സമര്‍പ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കാലഹരണപ്പെട്ട ചെക്കുകള്‍ സ്റ്റെയില്‍ ചെക്കുകളായി ബുക്ക് ചെയ്തില്ല | 1-1-3 |
| 5 | ഡിമാന്റ്, കളക്ഷന്‍, ബാലന്‍സ് തുകകള്‍ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഇ പേമെന്റ് അക്കൌണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുത്താന്‍ സാധിക്കുന്നില്ല | 1-1-5 |
| 7 | അക്രൂവല്‍ ഇനങ്ങളുടെ ഡിമാന്റ് എന്‍ട്രി സമയബന്ധിതമായി നടത്തുന്നില്ല | 1-1-6 |
| 8 | ജേണല്‍ വൌച്ചറുകള്‍ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | ലഡ്ജര്‍ ബാലന്‍സുകള്‍ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ആസ്തിയുടെ മൂല്യത്തിലുമധികമായി ഡിപ്രിസിയേഷന്‍ നല്‍കിയിരിക്കുന്നു | 1-1-9 |
| 11 | സാമ്പത്തിക വര്‍ഷത്തിനുള്ളില്‍ പൂര്‍ത്തീകരിക്കാനാവാത്ത ചെലവുകള്‍ക്ക് ബാധ്യത ഹെഡില്‍ തുക വകയിരുത്തിയില്ല | 1-1-10 |
| 12 | ആസ്തികളുടെ മൂല്യവും ക്യാപിറ്റല്‍ കോണ്‍ട്രിബ്യൂഷനിലേക്ക് മാറ്റിയ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | മറ്റു അപാകങ്ങള്‍ | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികള്‍- | 1-6 |
| 19 | ക്യാഷ് വെരിഫിക്കേഷന്‍ | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 21 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 23 | മൊബൈല്‍ ടവറുകളുടെ കെട്ടിടനികുതി കുടിശ്ശിക | 1-11 |
| 24 | മാര്‍ഗ്ഗരേഖയില്‍ നിന്ന് വിരുദ്ധമായി പ്രോജക്ട് നിര്‍വഹണം- സര്‍ക്കാര്‍ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | 1-12 |

| | | |
|---|---|---|
| 25 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- തുക തടസ്സം ചെയ്യുന്നു -3,80,952 | 1-13 |
| 26 | ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നല്കി- | 1-14 |
| 27 | വാങ്ങൽ നടപടിക്രമങ്ങളിലെ സുതാര്യമില്ലായ്മ | 1-15 |
| 28 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല-1,52,140/രൂപ തടസ്സം ചെയ്യുന്നു | 1-16 |
| 29 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-60300/രൂപ തടസ്സം ചെയ്യുന്നു | 1-17 |
| 30 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-18 |
| 31 | തൊഴിൽ നികുതി ഡിമാന്റ് വിവരങ്ങൾ പൂർണ്ണമല്ല. | 1-19 |
| 32 | വസ്തു നികുതി | 1-20 |
| 33 | സേവന ഉപനികുതി | 1-21 |
| 34 | വസ്തു നികുതി ഒഴിവാക്കൽ / ഡേറ്റാ പ്യൂരിഫിക്കേഷൻ - ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള രേഖകൾ അപൂർണ്ണം | 1-22 |
| 35 | തനതു വരവു, വായ്പകളുടെ അവലോകനം നടത്തുന്നില്ല | 1-23 |
| 36 | 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് നൽകി | 1-24 |
| 37 | നികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 1-25 |
| 38 | തനതു വരുമാനം അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ ഈടാക്കുന്നില്ല | 1-26 |
| 39 | ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൌണ്ടിൽ നിലനിറുത്തിയിരിക്കുന്നു | 1-27 |
| 40 | മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-28 |
| 41 | ജനപ്രതിനിധികളിൽ നിന്നും ഈടാക്കിയ ഓണറേറിയം ബാധ്യതയായി നിലനിറുത്തിയിരിക്കുന്നു. | 1-29 |
| 42 | അനുവദനീയമായതിലും ഉയർന്ന സ്പെസിഫിക്കേഷൻ നൽകി പ്രവൃത്തി നിർവ്വഹിച്ചു-39192/- രൂപ തിരികെ അടവാക്കേണ്ടതാണ്. | 1-30 |
| 43 | കരാറുകാരിൽ നിന്നും ഈടാക്കുന്ന നികുതികൾ സമയബന്ധിതമായി അടവാക്കേണ്ടതാണ്. | 1-31 |
| 44 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-32 |
| 45 | കരാറുകാരന് അനുവദനീയമായതിലും കൂടുതൽ തുക നൽകി-ഭാവിയിൽ അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്. | 1-33 |
| 46 | ബഡ്സ് സ്കൂളിൽ സ്മാർട്ട് ക്ലാസ്-അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ് | 1-34 |
| 47 | മുൻവർഷ നിക്ഷേപ പ്രവൃത്തികളിൽ നിന്നുള്ള നീക്കിയിരിപ്പ് തുക | 1-35 |

| | | |
|---|---|---|
| | സി.എഫ്.സി. അൺടൈഡ് ഹെഡിൽ നിക്ഷേപിച്ചിരിക്കുന്നു. | |
| 48 | സ്രോതസ്സിൽ നിന്നും ഈടാക്കിയ ജി.എസ്.റ്റി, ആദായനികുതി തുകകൾ ഒടുക്കാതെ സസ്പെൻസ് ഹെഡിൽ നിലനിറുത്തിയിരിക്കുന്നു. | 1-36 |
| 49 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-37 |
| 50 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അനുവദനീയമായതിലും ഉയർന്ന സ്പെസിഫിക്കേഷൻ നൽകി പ്രവൃത്തി നിർവ്വഹിച്ചു-39,192/- രൂപ തിരികെ അടവാക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.07.2023 ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 06.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബാലരാമപുരം (പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ പേര്) ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023(വർഷം) അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബാലരാമപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വരും വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതായി മറുപടി നൽകി.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല. സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുത്താത്തത് സോഫ്റ്റ് വെയർ ഡെവലപ്പറെ അറിയിച്ചിട്ടുള്ളതായി മറുപടി നൽകി.

### 1-1-3 കാലഹരണപ്പെട്ട ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്തില്ല

450210102 തനതു ഡി.സി.ബി. അക്കൌണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് നം. 808709/17.05.2022 (450/- രൂപ) സ്റ്റെയിൽ ചെക്കായി ബുക്ക് ചെയ്തില്ല.

## 1-1-4 ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

എ) പ്രോപ്പർട്ടി ടാക്സ് കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നു ലഭിച്ച വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ പ്രകാരം | | വാർഷിക കണക്കുകൾ പ്രകാരം | |
|---|---|---|---|---|
| | കളക്ഷൻ | ബാലൻസ് | കളക്ഷൻ | ബാലൻസ് |
| റസിഡൻഷ്യൽ (കറന്റ്) | 2222979 | 574866 | 2206576 | 740866 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 3644786 | 510781 | 3591313 | 779493 |
| റസിഡൻഷ്യൽ (അരിയർ) | 1162783 | 1048602 | 1152630 | 1174106 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 906985 | 862639 | 903485 | 957495 |

ബി) വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുക കൾ പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 2914413 | 2206576 | 740866 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 4333687 | 3591313 | 779493 |
| റസിഡൻഷ്യൽ (അരിയർ) | 2283046 | 1152630 | 1174106 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 1896584 | 903485 | 957495 |

ഡിമാന്റ് തുകയിൽ ലൈബ്രറി സെസ് കൂടി ഉൾപ്പെടുത്തിയതിനാലുള്ള വ്യത്യാസമാണ് ഉള്ളത് എന്ന മറുപടി നൽകി. വ്യത്യാസം ക്രമീകരിച്ച് കൃത്യമായ സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കേണ്ടതാണ്.

സി) ഡെപ്പോസിറ്റ് വിശദാംശങ്ങൾ രജിസ്റ്ററും, വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല. ഉദാ-

| ഇനം | | മുന്നിരിപ്പ് | തൻ വർഷ വരവ് | തൻ വർഷ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അദർ ഡെപ്പോസിറ്റ്സ് | രജിസ്റ്റർ പ്രകാരം | 768707 | 517937 | 137869 | 1151495 |
| | എ.എഫ്.എസ്. പ്രകാരം | ഇനം രേഖപ്പെടുത്തിയിട്ടില്ല | | | |

ഡി) ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ വാർഷിക കണക്കുകളും, രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാ-

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| ലൈസൻസ് ഫീ(കറന്റ്) | | | |
| രജിസ്റ്റർ പ്രകാരം | 619400 | 619400 | 0 |
| വാർഷിക ധനകാര്യപത്രിക പ്രകാരം | 619400 | 615600+7100 അഡ്വാൻസ് | 0 |
| പ്രൊഫഷൻ ടാക്സ് ട്രേഡേഴ്സ് (അരിയർ) | | | |
| രജിസ്റ്റർ പ്രകാരം | 12650 | 12650 | 0 |
| വാർഷിക ധനകാര്യപത്രിക പ്രകാരം | 14200 | 12650 | 0 |
| രജിസ്ട്രേഷൻ ഫീ ഫ്രം ഹോസ്പിറ്റൽസ് & പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് | | | |
| രജിസ്റ്റർ പ്രകാരം | 2450 | 2450 | 0 |
| വാർഷിക ധനകാര്യപത്രിക പ്രകാരം | 2850 | 2850 | 0 |

വ്യത്യാസങ്ങൾ വിശദീകരിച്ച് ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇ) ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല. ഉദാ-

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ലൈസൻസ് ഫീ ഫോർ ലൈവ് സ്റ്റോക്ക് ഫാം | 2600 | 2500 | 0 |

വ്യത്യാസമുള്ള 100/- രൂപ കളക്ഷൻ ലഭിച്ചിട്ടുള്ളതായും ഇൻകം ഹെഡിൽ (1 ൽ തുടങ്ങുന്ന) ബുക്ക് ചെയ്തതിനാലാണ് കളക്ഷൻ തുകയിൽ ഉൾപ്പെടാത്തത് എന്നും മറുപടി നൽകി.

## 1-1-5 ഇ പേമെന്റ് അക്കൌണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുത്താൻ സാധിക്കുന്നില്ല

450210101 ഇപേമെന്റ് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 5788867 രൂപയും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 5778467 രൂപയുമാണ്. വ്യത്യാസമുള്ള തുക 10400/- രൂപ പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇ പേമെന്റ് വഴിയുള്ള നികുതി ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുന്നതിനു മുൻപു തന്നെ സഞ്ചയയിൽ വരവു വക്കപ്പെടുന്നതായും, പ്രസ്തുത നികുതി ബൾക്ക് ആയി അക്കൌണ്ടിലേക്ക് ലഭ്യമാകുന്നതിനാലും, തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാലും ഏതൊക്കെ നികുതികളുടെ തുകയാണ് ഇപ്രകാരം ലഭ്യമാകാത്തത് എന്നത് പരിശോധിക്കുവാൻ സാധിക്കുന്നില്ലായെന്നും മറുപടി നൽകി.

## 1-1-6 അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി സമയബന്ധിതമായി നടത്തുന്നില്ല

പ്രോപ്പർട്ടി ടാക്സ് ഡിമാന്റ് സംബന്ധിച്ച് സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രി നടത്തേണ്ടതാണെങ്കിലും വർഷാന്ത്യത്തിൽ മാത്രമാണ് ഡിമാന്റ് എൻട്രി നടത്തിയിട്ടുള്ളത്

## 1-1-7 ജേണൽ വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഐ.എൽ.ജി.എം.എസ്. ൽ ജേണൽ എന്ട്രികൾ കാണുന്നതിനു മാത്രമാണ് കഴിയുക. ജേണൽ എൻട്രികൾക്കാധാരമായ വൌച്ചറുകൾ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സംവിധാനം പൂർണ്ണമായും ILGMS മുഖേനയായ സാഹചര്യത്തിൽ എല്ലാ ജേണൽ എൻട്രികൾക്കും ആധാരമായ വൗച്ചറുകൾ ILGMS -ൽ ഉൾപ്പെടുത്തുകയും ആയത് ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-8 ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല

ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട ശീർഷകത്തിലെ രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

## 1-1-9 ആസ്തിയുടെ മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ നൽകിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ബി 11(എ) പ്രകാരം 416100109 ഫർണിച്ചർ, ഫിക്സ്ചർസ്, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ അപ്ലയൻസസ് ഹെഡിലെ ആകെ ഡിപ്രിസിയേഷൻ 7329774/- രൂപയാണ്. പ്രസ്തുത ആസ്തിയുടെ ആകെ മൂല്യം ബി11(ഇ) പ്രകാരം 4830621/- രൂപ മാത്രമാണ്. ആസ്തിയുടെ മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ നൽകിയിരിക്കുന്നു.

*416100104 വാട്ടർവേയ്സ്, 416100106 പ്ലാന്റ് & മെഷിനറി ഹെഡുകളിലെ ഡിപ്രിസിയേഷൻ യഥാക്രമം 1658938/-, 85801/- എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഹെഡുകളിലെ ആസ്തി മൂല്യം രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തിലും

ഇപ്രകാരം ആസ്തിമൂല്യത്തിലധികമായി ഡിപ്രിസിയേഷൻ നൽകി കാണുന്നു. ആസ്തി ഹെഡുകൾ മുൻവർഷ വാർഷിക കണക്കുകൾ പ്രകാരമുള്ളതും നിലവിലെ ഹെഡുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സാംഖ്യയിലെ ആസ്തി ഹെഡുകൾ ILGMS -ൽ വരുന്നില്ലായെന്നും, മറ്റ് ഹെഡുകളിൽ ആസ്തി മൂല്യം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടി നൽകി.

## 1-1-10 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാധ്യത ഹെഡിൽ തുക വകയിരുത്തിയില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2022 ലെ ജനപ്രതിനിധികളുടെ ഓണറേറിയം തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതായി മറുപടി നൽകി

## 1-1-11 ആസ്തികളുടെ മൂല്യവും ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുകയും പൊരുത്തപ്പെടുന്നില്ല

ആകെ ആസ്തികൾ (ബാലൻസ് ഷീറ്റ് ബി 11, ബി 11(ബി), ബി 11(സി), ബി 11(ഡി), ബി 11(ഇ) പ്രകാരം ആകെ 149688155 രൂപയാണ്. മുൻ വർഷ ആസ്തികൾ 147074977/- (മുൻ വർഷ ബാലൻസ് ഷീറ്റ് ബി 11) രൂപയുമാണ്. അതായത് തൻ വർഷ ആസ്തി 2613178/- രൂപയാണ്. പ്രസ്തുത തുക തൻവർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷനു 1483740 ( ആകെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 77898201- തൻവർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 76414461) മായി പൊരുത്തപ്പെടുന്നില്ല.

* തനത് ഫണ്ടുപയോഗിച്ച ആസ്തികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും, തത്തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല. ഉദാ-

പ്രോ. നം. 71/2 വി.ഇ.ഒ. ഓഫീസിൽ റിക്കോർഡ് റൂം നിർമ്മാണം (ചെലവു തുക 79,354/- രൂപ)

പ്രോ. നം. 273/23 വെയിറ്റിംഗ് ഷെഡ് ബാലരാമപുരം (തനതു ചെലവു തുക 1,01,247/- രൂപ)

## 1-1-12 മറ്റു അപാകങ്ങൾ

എ) ബാലൻസ് ഷീറ്റ് ബി1 ഹെഡ് 310900101 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പന്റിച്ചർ മുന്നിരിപ്പ് തുക 42863737.75 രൂപയും, നീക്കിയിരിപ്പ് തുക 43214398/- രൂപയും നീക്കിയിരിപ്പ് തുക തിട്ടപ്പെടുത്തിയതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല.

ബി)450210104 ട്രഷറി ഓൺ ഫണ്ട് അക്കൌണ്ടിൽ 3,028/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല. ടി അക്കൌണ്ട് കാലഹരണപ്പെട്ടതായും അക്കൌണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമല്ലായെന്നും മറുപടി നൽകി

സി) 450210101ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് മുന്നിരിപ്പ് (ആർ.പി. 40എ) 16748/- ഉം, നീക്കിയിരിപ്പ് (ആർ.പി. 40 ബി, ബാലൻസ് ഷീറ്റ് ബി 17) 38,263/- ഉം, ബാലൻസ് ഷീറ്റ് ബി 2 പ്രകാരം 26,013/- ഉം ആണ്. ആർ.പി. 28 പ്രകാരം ഈയിനത്തിലെ വരവ് 9,265/- രൂപയാണ്. 180900102വോളന്ററി കോൺട്രിബ്യൂഷൻസ് ഹെഡിൽ വരവു വച്ച 12850/- രൂപയും ഉൾപ്പെടെ 38,863/- രൂപ ഡിസ്ട്രസ് റിലീഫ് ഫണ്ട് ഉള്ളതായും, 600/- രൂപ തനതു അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതായും മറുപടി നൽകി.

ഡി) വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതായി മറുപടി നൽകി

ഇ) എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണ ചെലവുകൽക്കായി ലഭിച്ച തുക ആർ.പി പ്രകാരം 3142126/- രൂപയാണ്. ഭരണചെലവു തുക ഐ 14(എഫ്) പ്രകാരം 46683194/- രൂപയാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകിയ തുകയുടെ വിവരം ഐ 14 (സി) യിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം

പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ബജറ്റ്, സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2022-23ലെ ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 4221899 |
| വരവ് | 499459660 |
| ആകെ | 503681559 |
| ചെലവ് | 501247099 |
| നീക്കിയിരിപ്പ് | 2434460 |

2022-23ലെ റിവൈസ്ഡ് ബജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 26.03.2022 | 06.03.2023 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | 4221899 | 8015571 |
| വരവ് | 499459660 | 546860953 |
| ആകെ | 503681559 | 554876524 |
| ചെലവ് | 501247099 | 551962774 |
| നീക്കിയിരിപ്പ് | 2434460 | 2913750 |

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കാലയളവ് | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2021 ഡിസംബർ 15 ന് മുൻപ് | ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2022 ജനവരി 15 ന് മുൻപ് | ലഭ്യമായില്ല |

| | | | |
|---|---|---|---|
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2022 ജനവരി 22 ന മുൻപ് | വികസനം- 22.03.2022 ക്ഷേമകാര്യം-15.01.2022 ആരോഗ്യം വിദ്യാഭ്യാസം- ചർച്ചനടത്തിയിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1 ന് മുൻപ് | 20.01.2022 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | 16.07.2022 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 21.03.2022 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 25.03.2022 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | | 26.03.2022 |

സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയബന്ധിതമായി ബജറ്റ് ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു. സമയബന്ധിതമായി ബജറ്റ് നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകിയതിനെ തുടർന്ന് പദ്ധതി ചെലവുകൾ കൂടി ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്യേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. സാമ്പത്തിക വർഷാവസാനം മാത്രമാണ് ബജറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 19859382 |
| ഓഡിറ്റ് വർഷത്തെ വരവ് | 73878552 |
| ആകെ | 93737934 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64785570 |
| നീക്കിയിരിപ്പ് | 28952364 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക

പ്രകാരം വരവ് 20,94,64,699/- രൂപയും ചെലവ് 20,92,37,154/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16595834 | 16595834 | 20847840 | -4252006 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9166966 | 9166966 | 8858671 | 308295 |
| സി.എഫ്.സി. ടൈഡ് | 0 | 8307093 | 8307093 | 3525685 | 4781408 |
| സി.എഫ്.സി. അൺടൈഡ് | 0 | 4445849 | 4445849 | 3780390 | 665459 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13692000 | 13692000 | 9996916 | 3695084 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 9746000 | 9746000 | 8143774 | 1602226 |
| CSS | 0 | 0 | 0 | 1410133 | -1410133 |
| SSS | 0 | 0 | 0 | 1000000 | -1000000 |

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (5189010രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (1708200രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവ് തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

വരവ് വിശദാംശം

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 16595834 | 22274010 |
| വികസനഫണ്ട് (എസ്.സി.പി) | 9166966 | 10386000 |

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

ചെലവ് വിശദാംശം

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /സുലേഖ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 16595834 | 15492337 |
| വികസനഫണ്ട് (എസ്.സി.പി) | 9166966 | 7639637 |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് | 7306075 | 7340075 |
| മെയിന്റനൻസ് റോഡിതരം | 8143774 | 8227882 |

ബില്ലുകൾ 31.03.2023 നകം നിർവഹണോദ്യോഗസ്ഥർ ട്രഷറിയിൽ ഹാജരാക്കാത്തതിനാലാണ് എ.സി.ആർ ഉം ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടാത്തത് എന്ന മറുപടി നൽകി (ഓഡിറ്റ് അന്വേഷണം നം. 18/31.07.2023). പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. വികസന ഫണ്ടുകളുടെ കാര്യത്തിൽ ഗ്രാന്റ്സ്റ്റേറ്റ്മെന്റ്/സുലേഖ പ്രകാരമുള്ള ചെലവിലും കുറവാണ് എ.സി.ആർ പ്രകാരമുള്ള ചെലവ് വ്യത്യാസം വിശദമാക്കി ക്രമീകരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

3) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 18/31.07.2023) സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുള്ള ഫണ്ടുകൾ മാത്രമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമാകുന്നത് എന്നതിനാലാണ് കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമാകാത്തത് എന്ന മറുപടി നൽകിയത്.

4) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി

നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. എന്നാൽ വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ തൻവർഷവും തുക നിക്ഷേപിച്ച് ലഭിച്ചിട്ടുണ്ട്. ഈയിനത്തിലെ തൻവർഷ നീക്കിയിരിപ്പ് 473000/- രൂപയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | 31.03.2023-ലെ നീക്കിയിരിപ്പ് തുക | 31.03.2022-ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്ത് | 900000 | 500000 |
| 2 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 73000 | 0 |

30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ 9,73,000/- രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ റ്റി.എസ്.ബി. അക്കൌണ്ടിലെ നീക്കിയിരുപ്പ് '0' ആണ്. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക ഏതു അക്കൌണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്നതും വ്യക്തമല്ല.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 18) തുടർ വർഷങ്ങളിൽ ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി നൽകി

6) വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക 4 പ്രകാരം പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ വികസന ഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും 1% കുറവു വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 224990 രൂപ കുറവു ചെയ്തു പോയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 18) 2021-22 സാമ്പത്തിക വർഷത്തിൽ 65% നികുതി പിരിവ് മാത്രമാണ് നടത്താനായതെന്നും, ഓഡിറ്റ് വർഷത്തിൽ 82% നികുതി പിരിവ് നടത്തിയെന്നും, കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും മറുപടി നൽകി.

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് | ലാപ്സായ തുക |
|---|---|---|---|


| | പ്രകാരം ലഭിക്കുന്ന തുക | പത്രിക പ്രകാരം) | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 22499000 | 20847840 | 1651160 |
| വികസനഫണ്ട് എസ്.സി.പി | 10386000 | 8858671 | 1527329 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 9746000 | 8143774 | 1602226 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13692000 | 9996916 | 3695084 |
| ആകെ | 56323000 | 47847201 | 8475799 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

1)




2)




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 17 | 0 | 7851030 | 2720787 | 35 |
| വെറ്റിനറി സർജൻ | 13 | 13 | 0 | 5731000 | 3277739 | 57 |
| മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി | 20 | 20 | 0 | 5129799 | 4945971 | 96 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 335000 | 335000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 0 | 1180000 | 1176074 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 37 | 26 | 11 | 227549196 | 23077832 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 11 | 1 | 7799420 | 6508878 | 83 |
| സെക്രട്ടറി | 32 | 20 | 12 | 16288570 | 10535221 | 65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 138 | 77 | 61 | 42095223 | 17601843 | 42 |
| ഹെഡ് മാസ്റ്റർ | 5 | 5 | 0 | 1420089 | 1220089 | 86 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 3000000 | 1539628 | 51 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 13 | 2 | 5878770 | 3145945 | 54 |
| ഫിഷറീസ് ഓഫീസർ | 2 | 2 | 0 | 1022996 | 64212 | 6 |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 25053388 | 20847840 | 83 |
| എസ്.സി.പി. | 10995517 | 8858671 | 81 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 17840206 | 7306075 | 41 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 11178180 | 1410133 | 13 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 41152416 | 1000000 | 2 |
| തനത് ഫണ്ട് | 10230520 | 4526535 | 44 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 8120000 | 5182744 | 64 |

| | | | |
|---|---|---|---|
| മറ്റ് ജില്ലാ പഞ്ചായത്ത് | 50103096 | 1986995 | 4 |
| മെയിന്റനൻസ് റോഡ് | 16225900 | 9996916 | 62 |
| മെയിന്റനൻസ് റോഡിതരം | 11014051 | 8143774 | 74 |
| മറ്റുള്ളവ | 122735320 | 6294773 | 5 |
| ആകെ | 325281093 | 76149219 | 23 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 298 | 211 | 87 | 325281093 | 76149219 | 23 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ 1(1)/26.11.2022-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയതായി അറിയിച്ചുവെങ്കിലും ഇതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനക്ക ലഭ്യമാക്കിയതായി മറുപടി നൽകിയെങ്കിലും, മിനിട്സു പരിശോധനക്ക ലഭ്യമായില്ല. ആയതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

വർക്കിംഗ് ഗ്രൂപ്പ്

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച യാതൊരു വിശദാംശങ്ങളും വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ ഉൾപ്പെടുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഗ്രാമപഞ്ചായത്ത് അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ (വാർഡ് 5, 8) പദ്ധതി നിർദ്ദേശങ്ങൾ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്നിവ മാത്രമാണ് ഗ്രാമസഭകൾ ചർച്ച ചെയ്തിട്ടുള്ളത്. പദ്ധതി നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ ചർച്ച നടത്തിയിട്ടില്ല. വായ്പാ ബന്ധിത പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം വാഴകൃഷി വികസനം, ഞങ്ങളും കൃഷിയിലേക്ക് - പുഷ്പകൃഷി തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഏകോപന കുറവുണ്ടായതിനാൽ പദ്ധതി എല്ലാ വാർഡിലും ഫലപ്രദമായില്ല എന്ന കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, പാഥേയം, ആശ്രയ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമാക്കുന്നതിനായി വിവിധ ബാങ്കുകൾക്ക് 2023-24 സാമ്പത്തിക വർഷത്തിൽ കത്തു നൽകിയിട്ടുള്ളതായി അറിയിച്ചുവെങ്കിലും ഇതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല.

## 1-6 ക്ഷേമ പദ്ധതികൾ-

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2453600 | 1618 |
| വാർദ്ധക്യകാലപെൻഷൻ | 44296000 | 30013 |
| വിധവ പെൻഷൻ | 20870800 | 13348 |
| വികലാംഗപെൻഷൻ | 6054000 | 3822 |
| വിവാഹധനസഹായം | 120000 | 4 |
| തൊഴിൽ രഹിത വേതനം | 12480 | 9 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 612800 | 386 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2023 തീയതിയിൽ 2.50 PM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63905/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

2) ബജറ്റ് സമയബന്ധിതമായും യഥാർത്ഥ വരവ് ചെലവുകളോട് നീതി പുലർത്തുന്ന വിധത്തിലും തയ്യാറാക്കേണ്ടതാണ്. നിലവിലെ വരുമാനം പിരിച്ചെടുക്കുന്നതിലും പുതിയ വരുമാനസ്രോതസുകൾ കണ്ടെത്തുന്നതിലും ജാഗ്രത പുലർത്തേണ്ടതാണ്.

3) പദ്ധതി രൂപീകരണ പ്രക്രിയയിൽ കുറച്ചുകൂടി ശ്രദ്ധ പുലർത്തേണ്ടതുണ്ട്.മാർഗ്ഗരേഖ വിരുദ്ധമായ പ്രോജക്ടുകൾ ഭരണസമിതി തീരുമാനപ്രകാരം നടപ്പാക്കുന്ന പക്ഷം സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

4) ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധക്കുറവ് കാണുന്നു. ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ സജീവമായി ഇടപ്പെടേണ്ടതുണ്ട്.

5) വിവിധ രജിസ്റ്ററുകൾ ആധികാരികമായി കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്.

## 1-9 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 3142126 | 3142126 | 46683194 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45131675 | 45131675 | 45131675 | 0 |

റസീപ്റ്റ് &പേമെന്റ് പത്രിക പ്രകാരം ഭരണചെലവുകൾക്കായി ലഭിച്ച തുക 3142126/- രൂപയാണ്. ഭരണ ചെലവുകൾക്കായി ലഭിച്ച തുകയുടെ ചെലവ് 46683194/- രൂപ എന്നാണ് ഐ 14 (എഫ്) ൽ രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.6.22 മുതൽ 16.6.22 വരെ | 01.08.21 മുതൽ 31.3.22 വരെ | 08.08.21 |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 10.03.2017 മുതൽ 23.03.2017 | 2011-12 മുതൽ 2015-16 വരെ | 05.05.2017 |

## 1-11 മൊബൈൽ ടവറുകളുടെ കെട്ടിടനികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും 2022-23 സാമ്പത്തിക വർഷം കെട്ടിട നികുതി ഈടാക്കുവാനുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും കെട്ടിട നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശിക ഉൾപ്പെടെയുള്ള തുകകൾ ഈടാക്കുവാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 27/2023 തീ. 01.08.2023)ക്ക് നികുതി കുടിശ്ശിക ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ്, റവന്യൂ റിക്കവറി നോട്ടീസ് എന്നിവ നൽകിയിട്ടുണ്ടെന്നും ടി വ്യക്തികൾക്കെതിരെ റവന്യൂ റിക്കവറി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുവെന്നും മറുപടി നൽകി.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക (ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|
| 1 | 2/623/ | 2022 -23 | 12301/- |
| 2 | 6/822/A | 2022-23 | 4200/- |

കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മാർഗ്ഗരേഖയിൽ നിന്ന് വിരുദ്ധമായി പ്രോജക്ട് നിർവഹണം- സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

ഹെഡ്മാസ്റ്റർ, കെ.വി.ൽ.പി.എസ്.കൊടകര നടപ്പിലാക്കിയ പ്രീപ്രൈമറി അദ്ധ്യപകർക്ക് ഓണറേറിയം നൽകൽ എന്ന 24/20223നമ്പർ പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും താഴെപറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

27.03.2023-21,000/(tsy Cheq 5538822/27.3.23 (വൗച്ചർ നമ്പർ : 22101320)

02.02.2023-49000/(tsy Cheq 5538802 (വൗച്ചർ നമ്പർ : 22100393))

സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ115/2022/ത.സ്വ..ഭ.വ. തിയതി 28.05.2022 ഖണ്ഡിക 8.6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളം/ഓണറേറിയം നൽകുന്ന പദ്ധതികൾ അനുവദനീയമല്ല. ഇക്കാര്യത്തിൽ നൽകിയ 03/24.07.23 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നിർവഹണ ഉദ്യോഗസ്ഥ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിനാൽ പ്രോജക്ട് നടപ്പിലാക്കാൻ കമ്മിറ്റിയിൽ നിന്നും നിർദ്ദേശം ലഭിച്ച എന്നാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കാത്ത പക്ഷം70,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- തുക തടസ്സം ചെയ്യുന്ന -3,80,952

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണംനടത്തിയ കന്നുകുട്ടി പരിപാലനം പദ്ധതി

4 മുതൽ 6 വരെ പ്രായമുള്ള കന്നുകുട്ടികളുള്ള ക്ഷീരകർഷകർക്കാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി തുക

എസ്.എൽ.ബി.പി ഡയറക്ടർക്ക് നൽകുകയും ക്ഷീര സഹകരണസംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് വേണ്ട കാലിതീറ്റ നൽകുകയും ചെയ്യുന്നു. പദ്ധതി തുകകൾ പൂർണമായും ചെലവഴിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെയും എസ്.എൽ.ബി.പി ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം വിനിയോഗിച്ച തുകകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു .

| വർഷം | പദ്ധതി പ്രകാരം നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിനിയോഗിച്ച തുക (എസ്.എൽ.ബി.പി) | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 2022-23(216/23so) | 1,87,500 | 15 | 40860 | 1,46,640 |
| 2022-23(229/23) | 300000 | 24 | 65,688 | 2,34,312 |
| | | | ആകെ | 3,80,952 |

ചെലവാക്കുവാൻ അവശേഷിക്കുന്ന തുക എസ്.എൽ.ബി.പി ഡയറക്ടർ , സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കു വരുത്താറുണ്ടെന്നറിയിച്ചിട്ടുണ്ട്. സ.ഉ(കൈ )നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 13.1 പ്രകാരം ലെ നിർദ്ദേശ പ്രകാരം പദ്ധതിരൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ്സമിതിയായി രൂപപ്പെട്ട് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. കന്നികുട്ടി പരിപാലന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നറിയിച്ചിട്ടുണ്ടെങ്കിലുംകന്നുകുട്ടി പരിപാലനത്തിനായി നാളിതുവരെ വിനിയോഗിച്ച തുകകളുടെ വിനിയോഗം മോണിറ്റർ ചെയ്യേണ്ടതും സഹകരണ സംഘങ്ങളിൽ നിന്നും ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തി വിശദമായ റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും കന്നുകുട്ടിപരിപാലന രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. കന്നുകുട്ടി പരിപാലനത്തിനായി ഗ്രാമ പഞ്ചായത്ത് നൽകിയ തുകയിൽ ഉപയോഗിക്കാതെ അവശേഷിച്ച തുക ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ, സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കു വരുത്തി അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## 1-14 ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നല്കി-

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിലും മേൽ നോട്ടിഫിക്കേഷൻ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 ൽ അമൃതം ന്യൂട്രിമിക്സിന് തുക അനുവദിച്ചപ്പോൾ ഇപ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് നൽകിയത്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർന്ന് തുക അനുവദിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-15 വാങ്ങൽ നടപടിക്രമങ്ങലിലെ സുതാര്യമില്ലായ്മ

| പ്രോജക്റ്റ് | അടങ്കൽ | ചെലവ് | |
|---|---|---|---|
| 132/23- വൃദ്ധർക്ക് കട്ടിൽ | 700000<br>പ്ളാൻ ഫണ്ട് | 6,99,320 | ICDS) |
| 25/23-ഗവ.കെ.വി.എൽ.പി.എസ്സിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ | 224089<br>(എം.ജി-നോൺ റോഡ്) | 224089 | എച്ച്.എം |

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഡെസ്ക്, ബെഞ്ച് എന്നിവ വിവിധ ഏജൻസികളും വിതരണം ചെയ്യുന്ന സാഹചര്യത്തിൽ ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യതയും പരിശോധിച്ചതായും കാണുന്നില്ല. ഒരു ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾ നടത്തുമ്പോൾ ഇ-ടെണ്ടർ നടത്തി കൂടുതൽ ലാഭവും സുതാര്യതയും

ഉറപ്പാക്കുവാനുള്ള ശ്രമം ഉണ്ടായതായും കാണുന്നില്ല.ഓഡിറ്റ് അന്വേഷണം നം. 25-7-23 നുള്ള മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പരിഗണിക്കുന്നതാണെന്നും വാങ്ങൽ നടപടികളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാങ്ങലുകൾക്കായി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ലാഭവും സുതാര്യതയും ഉറപ്പാക്കേണ്ടതാണ്.

## 1-16 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല-1,52,140/രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം. | 27/23 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 300000/- |
| ചെലവ് തുക | 300000/- |
| ബിൽ നം/തീയതി | 1/2022-23 , 10.10. 22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

സർക്കാർ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - പദ്ധതിക്കായി തൻവർഷം ആകെ 300000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ.ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 1.11.22 ൽ കൈമാറിയിട്ടുണ്ട്.Tax Invoice Ay. 2 Number: 322/23-24, Ay.2.Date: 6.7.23 പ്രകാരം Rs.1,47,860/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ബാക്കി Rs.1,52,140/- രൂപയുടെ മരുന്ന് ലഭ്യമാകാനുണ്ട്. മരുന്ന് ലഭ്യമാകാത്തതിന്റെകാരണം അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (No. 13/23) നല്കിയതിന് മരുന്ന് ലഭ്യമാക്കണമെന്നറിയിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് സൊസൈറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-60300/രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം. | 263/23 |
| പേര് | ആശ്വാസ് – ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായം |
| അടങ്കൽ | Rs.168000/- |
| ചെലവ് | Rs. 168000 |
| ബിൽ നം. | 475/05.03.2023 - 60300/-<br>470/14.03.2023 – 107700/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC |

ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിക്കായി തൻവർഷം 168000/-രൂപ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതിൻ പ്രകാരം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് തുക കൈപ്പറ്റിയതിന്റെയും, തുക വിനിയോഗിച്ചതിന്റെയും രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കാരണം അറിയിക്കാനവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുമ്പോൾ പഞ്ചായത്ത് സെക്രട്ടറി മുഖേന ഹാജരാക്കാമെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ. 14/23) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി ഈടാക്കിയില്ല

എ) തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാർ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം | ഒടുക്കേണ്ട നികുതി |
|---|---|---|

| | | |
|---|---|---|
| ബാലരാമപുരം വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി T-961 | I | 1250 |
| മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ്, ബാലരാമപുരം | I | 1250 |
| ഐസിഎൽ ഫിൻകോർപ്പ് ലിമിറ്റഡ് ബാലരാമപുരം | II | 1250 |
| അന്തിയൂർ സർവീസ് സഹകരണ ബാങ്ക്, ബാലരാമപുരം സായാഹ്ന ശാഖ | II | 1250 |
| കേരള ബാങ്ക്, ബാലരാമപുരം സായാഹ്ന ശാഖ | I, II | 2500 |
| ബാലരാമപുരം പഞ്ചായത്ത് റസിഡൻസ് വെൽഫെയർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലി. ബാലരാമപുരം | I, II | 2500 |
| ആകെ | | 10000 |

പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിനും, നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/31.07.2023) മറുപടി ലഭ്യമായില്ല. തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാർ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ലഭ്യമായില്ല.

| സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം | മറ്റേ അർദ്ധവർഷം നികുതി ഒടുക്കിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| സ്നേഹ ഹോസ്പിറ്റൽ, ബാലരാമപുരം | II | 5 |
| ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ലിമിറ്റഡ് | II | 42 |
| ബാലരാമപുരം വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി T-961 | I | 5 |
| കൈരളി എക്സ്പോർട്ട്സ്, പാറക്കുഴി | II | 2 |
| മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ്, ബാലരാമപുരം | I | 8 |
| ഐസിഎൽ ഫിൻകോർപ്പ് ലിമിറ്റഡ് ബാലരാമപുരം | II | 1 |
| ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം ടെക്നോളജി | II | 6 |
| അന്തിയൂർ സർവീസ് സഹകരണ ബാങ്ക്, ബാലരാമപുരം സായാഹ്ന ശാഖ | II | 10 |
| കെ.റ്റി.ഡി.സി. ബിയർ പാർലർ | I | 8 |

| | | |
|---|---|---|
| ലക്ഷ്യ കോച്ചിംഗ് സെന്റർ | I | 4 |

പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിനും, നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/31.07.2023 ) മറുപടി ലഭ്യമായില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഡിമാന്റ് വിവരങ്ങൾ പൂർണ്ണമല്ല.

എ) വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് സ്ഥാപന നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കെ.എസ്.ഇ.ബി. ബാലരാമപുരം |
| 2 | കെ.എസ്.ഇ.ബി. ബാലരാമപുരം (ട്രാൻസ്മിഷൻ സർക്കിൾ, തിരുവനന്തപുരം) |
| 3 | NABFINS ലിമിറ്റഡ് ബാലരാമപുരം |
| 4 | സപ്ലൈകോ സൂപ്പർമാർക്കറ്റ് ബാലരാമപുരം |
| 5 | ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് ബാലരാമപുരം |
| 6 | KTDC ബിയർ പാർലർ ബാലരാമപുരം |
| 7 | Aarha Nidhi ലിമിറ്റഡ് ബാലരാമപുരം |
| 8 | ഗ്രാമവികസന സഹകരണ സംഘം ബാലരാമപുരം |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ലൈസൻസ് നേടിയ സംരംഭങ്ങൾ /സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

വിവിധ സംരംഭങ്ങൾ/സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 423 | ഭാരത് ഇൻഫോ സിസ്റ്റംസ് കമ്പ്യൂട്ടർ ഹാർഡ് വെയർ, പ്രിന്റർ, CCTV ക്യാമറ സെയിൽസ് & സർവീസ് | 5 |
| 473 | ഹോട്ടൽ കാശിനാഥൻ | 4 |
| 411 | അക്ബർ ട്രേഡേഴ്സ് | 8 |

ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം പ്രസ്താവിക്കുന്നുണ്ട് എങ്കിലും, പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

സി) ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാർ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 4 ആശുപത്രികളിൽ നിന്നുമാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ഹരിതകർമ്മസേന യുടെ റിപ്പോർട്ട് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെ 20 ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ഗ്രാമപഞ്ചായത്തിന്റെ സംരംഭകരുടെ ലൈസൻസ് ഡിമാന്റ് കം കളക്ഷൻ രജിസ്റ്റർ പ്രകാരം തൻവർഷം 609 സംരംഭകർ ലൈസൻസ് എടുത്തിട്ടുണ്ട്. ഇവരിൽ നിന്നും ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. എന്നാൽ ഹരിതകർമ്മസേന യുടെ റിപ്പോർട്ട് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെ

1291 സംരംഭകർ (ഹോട്ടലുകൾ, ആശുപത്രികൾ തുടങ്ങിയവ ഒഴികെ) പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങൾക്കു ഡിമാന്റ് നോട്ടീസ് നൽകി സ്ഥാപനങ്ങൾ, ജീവനക്കാരിൽ നിന്നുമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്. 610 സംരംഭകരുടെ വിവരം മാത്രമാണ് പ്രസ്തുത ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സർക്കാർ, പൊതുമേഖല, സർക്കാർ ഇതര സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ സേവനം ചെയ്ത അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർപ്രൊഫഷണലുകൾ, കരാറുകാർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതാണ്. ഇപ്രകാരം ഡിമാന്റ് നോട്ടീസ് നല്കി നികുതി ഈടാക്കിയതിനുള്ള രേഖകൾ ലഭ്യമായില്ല. സാമ്പത്തിക വർഷത്തിൽ ഒരു കരാറുകാരൻ മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ഡിമാന്റ് വിവരങ്ങൾ അപൂർണ്ണമാണെന്നു ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/31.07.2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഡിമാന്റ് വിവരങ്ങൾ പൂർണ്ണമാക്കേണ്ടതും, സമയബന്ധിതമായി ഡിമാന്റ് നോട്ടീസു നൽകി നികുതി ഈടാക്കേണ്ടതുമാണ്.

## 1-20 വസ്തു നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (2) (A) , 2011 ലെ വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 4(1), 5 എന്നിവ പ്രകാരം കെട്ടിടങ്ങളെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന നികുതി സർക്കാർ നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് ഭരണസമിതി തീരുമാനമെടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. എന്നാൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾക്കനുസൃതമായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല.

1) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതുമായി ബന്ധപ്പെട്ടോ, മേഖലാവിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കിയതു സംബന്ധിച്ചോ യാതൊരു രേഖകളും ലഭ്യമായില്ല.

2) സ.ഉ (കൈ) നം. 77/2023/തസ്വഭവ തീയതി22.03.2023 പ്രകാരം 2023-24 മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തുകൾ പുതുക്കി നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ 7-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ 8 -ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വഴി സൌകര്യത്തിന്റ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ അടിയന്തിരമായി സ്വീകരിച്ച് അന്തിമവിജ്ഞാപനങ്ങൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23) സ.ഉ (കൈ) നം. 77/2023/തസ്വഭവ തീയതി22.03.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ ചട്ടപ്രകാരമുള്ള മേഖല തിരിച്ച് കരട് വിജ്ഞാപനം 27.05.2023 ന് പുറപ്പെടുവിച്ചതായും, അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ സാധൂകരിച്ച് അന്തിമ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, അന്തിമ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ പ്രഥമം, ദ്വിതീയം, ത്രിതീയം പ്രദേശങ്ങളെ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. 2023-24 മുതൽ പുതുതായി വസ്തു നികുതി നിർണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയത്തിന് ബാധകമാക്കേണ്ടതും നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലിനുമായിട്ടുള്ള സൌകര്യം സഞ്ചയ യിൽ ലഭ്യമായിട്ടില്ലായെന്നും മറുപടി നൽകി.

3) 1-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ. (കൈ) നം. 77/2023/LSGD തീയതി 22/03/2023 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഉത്തരവിലെ 1 മുതൽ 5 വരെയുള്ള ഖണ്ഡികകളിൽ വസ്തു നികുതി, സേവന ഉപനികുതി എന്നിവ പരിഷ്കരിച്ച നിരക്കിൽ ഈടാക്കുന്നതിനും, ഇതു സംബന്ധിച്ച ഡിമാന്റ്

നോട്ടീസുകൾ 31.03.2023 നകം നൽകുന്നതിനും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും, ഗ്രാമപഞ്ചായത്ത് മുൻ വർഷം വരെ അസസ്സ് ചെയ്തിരുന്ന കെട്ടിടങ്ങളുടെ നികുതി 5% നിരക്കിൽ വർദ്ധിപ്പിച്ച് ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സേവന ഉപനികുതി ഈടാക്കുന്നില്ല. ഡിമാന്റ് നോട്ടീസും വിതരണം ചെയ്തിട്ടില്ല.

4) 1-4-2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതു സംബന്ധിച്ച കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതല്ലാതെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും മറ്റു തീരുമാനങ്ങളോ, നിർദ്ദേശങ്ങളോ സ്വീകരിച്ചു കാണുന്നില്ല.

മേഖലകൾ തരംതിരിക്കുന്നതിൽ ശാസ്ത്രീയമായ രീതി അവലംബിക്കേണ്ടതും പ്രദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനത്തിലാണ് മേഖലാ നിർണ്ണയം നടത്തിയിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരിച്ച് ഡിമാന്റ് നോട്ടീസുകൾ നൽകി നികുതി ഈടാക്കുന്നതിന് ചട്ടം, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കി തനതു വരുമാനം ഉറപ്പു വരുത്തേണ്ടതാണ്.

## 1-21 സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26, 27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് മേൽ ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നതിലേക്കായി സ്റ്റാന്റിംഗ് കമ്മിറ്റികളോ, ഭരണസമിതിയോ ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ സ്വീകരിച്ചതായോ കാണുന്നില്ല. സേവന ഉപനികുതി ഈടാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.25 ന് ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നില്ലായെന്ന മറുപടി നൽകി. ചുമത്താൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്താനുള്ള അവസരം ലഭിക്കുമെന്നതിനാൽ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## 1-22 വസ്തു നികുതി ഒഴിവാക്കൽ / ഡേറ്റാ പ്യൂരിഫിക്കേഷൻ - ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള രേഖകൾ അപൂർണ്ണം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിവിധ യോഗങ്ങളിൽ (ഉദാ- 25.03.2023) പൊളിഞ്ഞു പോയ കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കുന്നതിനും, വാർഡ് തല സന്ദർശനത്തിൽ ഡ്യൂപ്ലിക്കേഷൻ ഉള്ള കെട്ടിടങ്ങൾ കണ്ടെത്തുന്ന പക്ഷം ജീവനക്കാർ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തുന്നതിനും തീരുമാനിച്ചു കാണുന്നു. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതു സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 25) ഇതു സംബന്ധിച്ച രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും വിശദാംശങ്ങൾ പൂർണ്ണമല്ല. സാമ്പത്തിക വർഷത്തിൽ ഒഴിവാക്കിയ നികുതി തുകയുടെ വിശദാംശം പ്രസ്തുത രേഖകൾ/രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ നികുതി ഒഴിവാക്കിയതു ചട്ട പ്രകാരമാണോ എന്നതു വ്യക്തമല്ല.

എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി ഡിമാന്റ് വിവരങ്ങൾ സാംഖ്യയിൽ ബുക്ക് ചെയ്യേണ്ടതുണ്ട്. കൂടാതെ, ഓരോ മാസവും തൻ മാസം ഡിമാന്റ് ചെയ്ത വസ്തു നികുതി വിവരങ്ങളും സാംഖ്യയിൽ ബുക്ക് ചെയ്ത് ഡിമാന്റ് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ബുക്ക് ചെയ്തിട്ടില്ല. സാംഖ്യ വസ്തു നികുതി ഡിമാന്റ് 31.03.2023 ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് ബുക്കു ചെയ്തിട്ടുള്ളത്. ആയതിനാൽ തൻ വർഷം ഡിമാന്റിൽ നിന്നും കുറവു ചെയ്ത തുകയുടെ വിശദാംശം വാർഷിക കണക്കുകളിലും ലഭ്യമല്ല. ചട്ടങ്ങൾ പാലിച്ചു മാത്രം നികുതി ഒഴിവാക്കുന്നതിനും, ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു.

## 1-23 തനതു വരവു, വായ്പകളുടെ അവലോകനം നടത്തുന്നില്ല

സ. ഉ(കൈ) നം. 117/2022/ Lsgd Dated 1.6.2022 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റുമെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. കൂടാതെ നികുതി പിരിവിന്റേയും നികുതിയേതര വരവിന്റേയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമ സഭകളിലും നടത്തേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ വായ്പയെ

സംബന്ധിച്ചും ഡി.സി.ബി പത്രിക തയ്യാറാക്കി പ്രാദേശിക സർക്കാരുകൾ ഭരണസമിതി യോഗത്തിലും ഗ്രാമ സഭകളിലും അവലോകനം നടത്തേണ്ടതുമുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ നികുതി വരുമാനത്തെ സംബന്ധിച്ച് ഭരണസമിതിയോഗങ്ങളിൽ ചർച്ച ചെയ്തതായും തീരുമാനങ്ങൾ സ്വീകരിച്ചതായും, എന്നാൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഗ്രാമസഭകളിൽ അവലോകനം നടത്തിയിട്ടില്ലായെന്നും, വായ്പകളെ പറ്റി ഭരണസമിതി യോഗത്തിലോ, ഗ്രാമസഭകളിലോ അവലോകനം നടത്തിയിട്ടില്ലാത്തതായും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 29) മറുപടി നൽകി.

സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നികുതി നികുതിയേതര വരവുകളുടേയും വായ്പകളുടെയും അവലോകനം നടത്തുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-24 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളതും, കുടുംബനാഥന്റെ പേരിലുള്ള സ്വന്തം താമസആവശ്യത്തിനുമുള്ള ഒരു വാസ ഗൃഹത്തിന് വസ്തുനികുതി ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 16/254 | മെദീനാമ്മ സുർലിംഗ്, ജോധിസരിവില്ല, ആർ.സി. സ്ട്രീറ്റ്, ബാലരാമപുരം |
| | 16/494 | |
| 2 | 9/658 | സബീനാ ബീഗം, ഇ.എം. മൻസിൽ |
| | 9/738 | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30) മറുപടി ലഭ്യമാക്കിയില്ല. അസസ്മെന്റ് വിശദാംശങ്ങൾ പുന: പരിശോധിച്ച് അർഹമായ കെട്ടിടത്തെ മാത്രം നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയ 25 അപേക്ഷകൾ പരിശോധിച്ചതിൽ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ

| കെട്ടിട നം | കെട്ടിട ഉടമ | വിസ്തീർണ്ണം ആവശ്യം | പ്ലാൻ പ്രകാരമുള്ള വഴി സൗകര്യം | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് | ഇളവ് | ഈടാക്കേണ്ട വസ്തുനികുതി | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|---|---|---|---|
| 10/638എ | രാജീവ് ജി | 32.5ചമീ വാണിജ്യം | 8മീ | 1625(32.5X50) | 325 (20% - 5മീലധികം വഴി ) | 16 (10% -ദ്വിതീയ മേഖല) | 1656 | 1355 |
| 3/673A | സുബീഷ് വി.എ | 92.18ചമീ പാർപ്പിടം | 7മീ | 553(92.18X6) | 110.6 (20% - 7മീലധികം വഴി ) | 55.3 (10% -ദ്വിതീയ മേഖല) | 609 | 523 |

ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തെ മേഖല തിരിച്ചതിലെയും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള

തരംതിരിക്കലിലെ അപാകങ്ങൾ കൊണ്ടുമാണ് ഇത്തരം അപാകങ്ങൾ സംഭവിച്ചിട്ടുള്ളത്. അപാകങ്ങൾ കാരണം വസ്തുനികുതി കുട്ടതലായും നിർണ്ണയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30) 2022-23 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും ഫയലുകൾ പുനപരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകങ്ങൾ പരിഹരിക്കുവാൻ നിർദ്ദേശം നൽകുന്നു.

## 1-26 തനതു വരുമാനം അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയിതര വരുമാനം 90% ൽ കുറവായതിനാൽ പിഴയായി സർക്കാർ വികസനഫണ്ട് വിഹിതം കുറവു ചെയ്യുന്നു. തനതു വരുമാനം ഉറപ്പാക്കുന്നതിനും, പൂർണ്ണമായി ലഭ്യമാക്കുന്നതിനും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക വിശദാംശം ചുവടെ.

| ഹെഡ് | 31.03.2023 ലെ കുടിശ്ശിക | 31.03.2022 ലെ കുടിശ്ശിക |
|---|---|---|
| 431100101 പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (കറന്റ്) | 740866 | 847105 |
| 431100102പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (അരിയർ) | 1174106 | 1435941 |
| 431100103 പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (കറന്റ്) | 779493 | 732533 |
| 431100104 പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (അരിയർ) | 957495 | 1164051 |
| ആകെ | 3651960 | 4179630 |

മേൽ പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിനു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതിയും നൽകിയ നിർദ്ദേശങ്ങളും, ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും വിശദമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25) ഡിമാന്റ് നോട്ടീസ് വിതരണം, മൈക്ക് അനൌൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ, ഔട്ട്ഡോർ കളക്ഷൻ എന്നിവ പ്രകാരം കുടിശ്ശിക ഈടാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി നൽകി.

കുടിശ്ശിക നിവാരണത്തിനും ഡിമാന്റ് തുകകൾ പൂർണ്ണമായും ഈടാക്കുന്നതിനും വരുമാന ശേഖരണത്തിലെ കുറവ് മൂലമുള്ള വിഹിത നഷ്ടത്തിൽ നിന്നു ഒഴിവാകുന്നതിനും ഫലപ്രദമായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നടത്തേണ്ടതാണ്.

## 1-27 ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൌണ്ടിൽ നിലനിറുത്തിയിരിക്കുന്നു

ബി9 ലയബിലിറ്റീസ് ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ബാധ്യത തുകകൾ വർഷങ്ങളായി ഒടുക്കാതെ തനതു അക്കൌണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|
| 350300103 വാല്യു ആഡഡ് ടാക്സ് | 7234 |
| 350300104 സർവീസ് ടാക്സ് | 185397 |

| | |
|---|---|
| 350300106 റവന്യൂ റിക്കവറി | 1342 |
| 350300111 ഫ്ലഡ് സെസ്സ് | 1057 |
| 350300112 വാല്യൂ ഓഫ് കോർട്ട് ഫീ സ്റ്റാമ്പ് | 1170 |
| 350300199 അദേഴ്സ് | 26673 (ഫ്ലഡ് സെസ്) |

മേൽ ഹെഡുകളിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിലനിറുത്തിയിട്ടുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/27.07.2023) വാറ്റ്, സർവീസ് ടാക്സ്, ഫ്ലഡ് സെസ്, കോർട്ട് ഫീ സ്റ്റാമ്പ് എന്നിവ ജി.എസ്.റ്റി. നിലവിൽ വരുന്നതിനു മുൻപ് ഈടാക്കിയ നികുതികളാണ് എന്നും, ജി.എസ്.റ്റി. വകുപ്പിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറക്ക് പ്രസ്തുത തുക ഒടുക്കുന്നതാണെന്നും, റവന്യൂ റിക്കവറി ഇനത്തിൽ ഈടാക്കിയ തുക കളക്ടറേറ്റിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറക്കും, ഫ്ലഡ് സെസ് ഇനത്തിൽ ഈടാക്കിയ തുക പഴയ ഫ്ലഡ് സെസ് അടക്കുന്നതിന് സർക്കാരിൽ നിന്നും അറിയിപ്പ് ലഭ്യമാക്കുന്ന മുറയ്ക്കും ഒടുക്കുന്നതാണെന്ന് മറുപടി നൽകി.

മറുപടി അംഗീകരിക്കാവുന്നതല്ല. നികുതി, നികുതി ഇതര ഇനങ്ങളിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുക കാലങ്ങളായി തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നത് നിയമവിരുദ്ധമാണ്. മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-28 മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ബി 18 ലോൺസ്, അഡ്വാൻസസ് , ഡെപ്പോസിറ്റ് ഷെഡ്യൂൾ 460500501 (അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ്) ഹെഡിൽ 76550/- രൂപ 31.03.2023 ൽ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകൂറുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7) മുൻകൂറുകൾ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾക്ക് അനുവദിച്ചതായി മറുപടി നൽകി.

| തുക അനുവദിച്ച തീയതി | ആവശ്യം | 31.03.2023 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|---|
| 04.06.2021 | പ്രേരകിനുള്ള ഓണറേറിയം | 48384 |
| 15.06.2021 | പ്രേരകിനുള്ള ഓണറേറിയം | 17216 |
| 08.10.2021 | മെമ്പർമാരുടെ കില ട്രെയിനിംഗിനുള്ള ചെലവുകൾ | 10950 |

മുൻകൂറുകൾ 3 മാസകാലയളവിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കേ മുൻകൂറുകൾ ക്രമീകരിക്കുന്നതിനു രണ്ടു വർഷം വരെ കാലവിളംബം ഉണ്ടായത് അംഗീകരിക്കാവുന്നതല്ല. മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 ജനപ്രതിനിധികളിൽ നിന്നും ഈടാക്കിയ ഓണറേറിയം ബാധ്യതയായി നിലനിറുത്തിയിരിക്കുന്നു.

ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിലെ 350200119 റിക്കവറീസ് പേയബിൾ കോവിഡ് ഹെഡിലെ നീക്കിയിരിപ്പായി 1,53,400/- രൂപ നിലനിറുത്തിയിട്ടുണ്ട്. പ്രസ്തുത തുക ദുരിതാശ്വാസനിധിയിലേക്ക് ഒടുക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ നിന്നും ഈടാക്കിയതാണെന്നും, തുക തിരികെ ജനപ്രതിനിധികൾക്ക് നൽകുന്നതിനു സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ലായെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 10/27.07.2023) മറുപടി നൽകി.

സ.ഉ(കൈ) നം.73/2020/lsgd Dated 5.5.2020 പ്രകാരം ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ജി.ഒ(എം.എസ്) J3/7277/2021 Dated 18.12.2021 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഒരു മാസത്തെ ഹോണറേറിയം കുറവ് ചെയ്യാനാണ് നിർദ്ദേശിച്ചിരുന്നതെന്നും അതിനാൽ ടി തുക ധനാഭ്യർത്ഥന 43ന് കീഴിൽ വരുന്ന അക്കൗണ്ടിൽ നിന്നും (പൊതു ആവശ്യഫണ്ട് /മെയിന്റനൻസ് ഫണ്ട് / വികസനഫണ്ട്) പിൻവലിച്ച തുകയാണെങ്കിൽ പ്രസ്തുത തുക പ്രത്യേക

ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈടാക്കിയ തുക ഏതു ഫണ്ടിൽ നിന്നാണോ അനുവദിച്ചത് പ്രസ്തുത അക്കൌണ്ടിലേയ്ക്ക് തുക മാറ്റി നിക്ഷേപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-30 അനുവദനീയമായതിലും ഉയർന്ന സ്പെസിഫിക്കേഷൻ നൽകി പ്രവൃത്തി നിർവ്വഹിച്ചു- 39192/- രൂപ തിരികെ അടവാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ റൂഫിംഗ് സംബന്ധിച്ച പ്രോജക്ടുകളിൽ GI പൈപ്പുകളുപയോഗിച്ച് പോസ്റ്റുകളിടുന്ന പ്രവർത്തികൾക്കും , വിവിധ വാർഡുകളിലെ പൊതു കിണർ നവീകരണം എന്ന പ്രോജക്റ്റിൽ കിണറിന് ഗ്രിൽ ചെയ്യുന്ന പ്രവൃത്തികൾക്കും അനുവദനീയമായതിലും ഉയർന്ന സ്പെസിഫിക്കേഷൻ നൽകി പ്രവൃത്തി നിർവ്വഹിച്ചു.അധികം ചെലവായ 39192/- രൂപ തിരികെ അടവാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-31 കരാറുകാരിൽ നിന്നും ഈടാക്കുന്ന നികുതികൾ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

വിവിധ മരാമത്ത് പ്രവൃത്തികളിൽ, കരാറുകാരിൽ നിന്നും 2022-23 ൽ ഈടാക്കിയ IT, GST-TDS,മറ്റ് ഇനത്തിൽ ഈടാക്കിയ നികുതികൾ അടവാക്കുന്നതിന് (CFC ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹണം നട്ത്തിയ പദ്ധതികൾ) അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കാണുന്നു.പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Project No. 278/23 - കരാറുകാരൻ -ജി.രാജൻ

Project No. 1/23 - കരാറുകാരൻ -ദാസ്

Project No. 3/23 - കരാറുകാരൻ -അഭിഷേക്

Project No. 6/23 - കരാറുകാരൻ - വിനയൻ

Project No. 5/23 - കരാറുകാരൻ -ഹരീന്ദ്രൻ

2022-23 സാമ്പത്തിക വർഷത്തിൽ കരാറുകാരിൽ നിന്നും ഈടാക്കുകയും എന്നാൽ അടവാക്കുന്നതിന് ഇനിയും അവശേഷിക്കുകയും ചെയ്യുന്ന മുഴുവൻ നികുതി സംബന്ധമായ തുകകളുടെ വിവരങ്ങളും ,ലഭ്യമാക്കുന്നതിനായി 27.7.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 8 നൽകുകയും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ,GST ക്ക് ചലാൻ തയ്യാറാക്കി നൽകിയത് 15 ദീവസം കഴിഞ്ഞതിനാൽ Expire ആയിരുന്നുവെന്നും, കൂടാതെ ഇൻകം ടാക്സിന്റെ സൈറ്റിൽ ലോഗിൻ ചെയ്ത് IT ക്ക് കൂടി ചെലാൻ തയ്യാറാക്കി നൽകുന്നതിന് നിർദേശം ലഭിക്കുകയും, ആയതിന്റെ ലോഗിൻ 26.7.2023 ൽ മാത്രമാണ് ലഭ്യമായത് എന്നും ആയത് പ്രകാരം ചെലാൻ തയ്യാറാക്കി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്.സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികളെല്ലാം തന്നെ മുൻ വർഷങ്ങളിലും, ഇതേ വർഷത്തിലും ചെയ്തുവരുന്നവയാണ്.ആയതിനാൽ തന്നെ കരാറുകാരിൽ നിന്നും ഈടാക്കിയ നികുതികൾ അടവാക്കുന്നതിന് താമസമുണ്ടാകേണ്ട സാഹചര്യമില്ലാത്തതാകുന്നു.സമയ ബന്ധിതമായി നികുതികൾ അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ടി കാലതാമസം ഒഴിവാക്കാമായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-32 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. 20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട്

2022-23 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതിനും, ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ,വാർഷിക റിവ്യൂ എന്നിവ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും, അസറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുന്നതിനുമായി 27.7.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-9 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-33 കരാറുകാരന് അനുവദനീയമായതിലും കൂടുതൽ തുക നൽകി-ഭാവിയിൽ അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ കുടുംബശ്രീ ഓണം വിപണന മേള എന്ന പ്രോജക്റ്റിനെ സംബന്ധിക്കുന്ന അപാകത ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | Project No. 243/23, കുടുംബശ്രീ ഓണം വിപണന മേള |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 100000 |
| ചെലവ് | 92,100 |
| ബിൽ | 131/27.9.2022, 92,100 |

Project No. 243/23, കുടുംബശ്രീ ഓണം വിപണന മേള എന്ന പ്രോജക്റ്റിൽ, സ്റ്റാളുകൾ നിർമ്മിക്കുന്നതിന് ശ്രീ.അരുൺകുമാർ എന്നയാൾക്ക് കരാർ നൽകിയിരുന്നു. ആകെ 1080സ്റ്റാളുകൾ നിർമ്മിച്ചതായി അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്റ്റേജ് നിർമ്മാണത്തിലെ കരാറുകാരനായ അരുൺകുമാറിന് (കരാറു പ്രകാരമുള്ള ച.അടിക്ക് 18 രൂപ നിരക്കിൽ ) 21,000/- രൂപ നൽകിയതായി കാണുന്നു.1080സ്റ്റാളുകൾ നിർമ്മിച്ചതിന് 18 രൂപ നിരക്കിൽ 19400/- രൂപ അനുവദിച്ചാൽ മതിയാകുന്നതാണ് എന്നിരിക്കെ അധികമായി തുക നൽകിയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് 31.7.2023തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 22 നൽകുകയും ആയതിന് ലഭ്യമക്കിയ മറുപടിയിൽ , കരാറുകാരൻ സമർപ്പിച്ച ടെൻഡർ ഷെഡ്യൂളിൽ സ്റ്റാളിന് 21000/- രൂപ രേഖപ്പെടുത്തിയതാനാലാണ് ഇത്തരത്തിൽ തുക നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട്.എന്നാൽ നിർമ്മാണം നടത്തിയ അളവിനേക്കാൾ നിരക്കിൽ തുക നൽകിയത് ശരിയായ നടപടി അല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ബഡ്സ് സ്കൂളിൽ സ്മാർട്ട് ക്ലാസ്-അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ കുടുംബശ്രീ ഓണം വിപണന മേള എന്ന പ്രോജക്റ്റിനെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | Project No. 330/23, ബഡ്സ് സ്കൂളിൽ സ്മാർട്ട് ക്ലാസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ട് | ജില്ലാ മിഷൻ ഫണ്ട് |
| അടങ്കൽ | 200000 |
| ചെലവ് | 1,73,793 |
| ബിൽ | 131/27.9.2022, 92,100 |

ടി പ്രോജക്റ്റിൽ 1,73,793/- രൂപയുടെ ക്ലാസ് റൂം ഉപകരണങ്ങൾ അംഗീകൃത ഏജൻസിയിൽ നിന്നും വാങ്ങിയിട്ടുണ്ട്.ടി പ്രോജക്റ്റിൽ അനുവദിച്ച തുകയിൽ 26,207/-രൂപ ഇനിയും ചെലവാക്കാൻ അവശേഷിക്കുന്നു.28.3.2023 ൽ കുടുംബശ്രീ സംസ്ഥാന മിഷന് നൽകിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രത്തിൽ ശേഷിക്കുന്ന തുക ഉടൻതന്നെ വിനിയോഗിക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ബഡ്സ് സ്കൂൾ ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

## 1-35 മുൻവർഷ നിക്ഷേപ പ്രവൃത്തികളിൽ നിന്നുള്ള നീക്കിയിരിപ്പ് തുക സി.എഫ്.സി. അൺടൈഡ് ഹെഡിൽ നിക്ഷേപിച്ചിരിക്കുന്നു.

സി.എഫ്.സി. അൺടൈഡ് ഫണ്ടിനത്തിൽ ട്രഷറി ബില്ലുകളിലൂടെ 39,00,000/- രൂപ രണ്ടു ഗഡുക്കളായി പിൻവലിച്ച് കേരള ഗ്രാമീൺ ബാങ്കിലെ സി.എഫ്.സി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വരവ് റസീറ്റ്സ് & പേമെന്റ്സിൽ (ആർ.പി. 30 320200104 ഹെഡില്) 42,12,150/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം വിശദീകരിക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 10/27.07.2023) സി.എഫ്.സി. അൺടൈഡ് ഫണ്ടിനത്തിൽ തൻവർഷം ലഭ്യമായ 39,00,000 രൂപയും + പലിശ ഇനത്തിലെ 2,17,643 രൂപയും + 2015-16 മുതൽ 2021-22 വരെ വാട്ടർ അതോറിറ്റിക്ക് നിക്ഷേപ പ്രവൃത്തിക്കായി നൽകിയതിലെ മിച്ചമായ 94,507/- രൂപയും ഉൾപ്പെട്ടതാണ് ആർ.പി. 30 പ്രകാരമുള്ള വരവ് എന്നു മറുപടി നൽകി. എന്നാൽ ഏതു നിക്ഷേപ പ്രവൃത്തിയുടെ നീക്കിയിരിപ്പ് ആണ് 94,507/- രൂപ എന്നത് വ്യക്തമാക്കിയില്ല. നീക്കിയിരിപ്പായി ലഭിച്ച തുക സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് (പദ്ധതി നമ്പർ, പേര്, ഫണ്ടിനം, നിക്ഷേപിച്ച തുക, നിക്ഷേപിച്ച വർഷം, പൂർത്തിയാക്കിയ തുക, ചെലവു തുക, മിച്ചം തുടങ്ങിയവ). സി.എഫ്.സി. യിൽ നിന്നും തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത തുക സി.എഫ്.സി. ടൈഡ് ഹെഡിൽ നിക്ഷേപിക്കാവുന്നതും, അല്ലാത്ത പക്ഷം തുക ബന്ധപ്പെട്ട ഹെഡിലേക്ക് ഒടുക്കി വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-36 സ്രോതസ്സിൽ നിന്നും ഈടാക്കിയ ജി.എസ്.റ്റി, ആദായനികുതി തുകകൾ ഒടുക്കാതെ സസ്പെൻസ് ഹെഡിൽ നിലനിറുത്തിയിരിക്കുന്നു.

സി.എഫ്.സി. ഫണ്ടുപയോഗിച്ച് നിർവഹിച്ച വിവിധ പദ്ധതികളിൽ നിന്നും സ്രോതസ്സിൽ ഈടാക്കിയിട്ടുള്ള ജി.എസ്.റ്റി., ആദായ നികുതി, പിഴ ഉൾപ്പെടെയുള്ള തുക (ആകെ 29,878/-) സർക്കാരിലേക്കും, ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്കും ഒടുക്കാതെ സി.എഫ്.സി. സസ്പെൻസ് ഹെഡിൽ നിലനിറുത്തിയിരിക്കുന്നു. തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/27.07.2023) 2023 മാർച്ച് മാസത്തിൽ അസി. എഞ്ചിനീയർ നിർവഹണം നടത്തിയ അഞ്ച് പ്രോജക്ടുകളുടെ സ്രോതസ്സിൽ നിന്നുള്ള റിക്കവറികൾ സസ്പെൻസ് ഹെഡിൽ നിലനിറുത്തിയിട്ടുള്ളതായും, പ്രസ്തുത തുക ഒടുക്കുന്നതിലേക്കുള്ള ചലാനുകൾ അസി. എഞ്ചിനീയർ തയ്യാറാക്കി നൽകാത്തതിനാലാണ് തുക ഒടുക്കുവാൻ സാധിക്കാത്തത് എന്നും മറുപടി നൽകി. നികുതി തുകകൾ സമയബന്ധിതമായി ഒടുക്കേണ്ടതാണ്. നികുതി ഒടുക്കുന്നതിലെ കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയുമാണ്. സസ്പെൻസ് ഹെഡിൽ നിലനിറുത്തിയിട്ടുള്ള മേൽപരാമർശിത തുക ബന്ധപ്പെട്ട ഹെഡുകളിലേക്ക് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന നിക്ഷേപ തുക 3 വർഷം പൂർത്തിയായിട്ടും തിരികെ ക്ലെയിം ചെയ്യാത്തതായി കണ്ടു.

| ഡെപ്പോസിറ്റ് ഇനം | തുക |
|---|---|
| സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 6050 |
| സപ്ലൈയേഴ്സ് ഇ.എം.ഡി. | 5000 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 15367 |
| ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 18538 |
| അദർ ഡെപ്പോസിറ്റ്സ് | 4000 |
| ബിഡേഴ്സ് ഇ.എം.ഡി | 69883 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7) 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിനു വിധേയമായി തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്നു മറുപടി നൽകി. മേൽ ഡെപ്പോസിറ്റുകളുടെ കാലാവധി ഉറപ്പാക്കേണ്ടതും, ഡിഫക്ട് ലയബിലിറ്റി പിരീഡിനുള്ളിലുള്ള ഡെപ്പോസിറ്റുകൾ ഒഴികെയുള്ള, 3 വർഷ കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്ന ഡെപ്പോസിറ്റുകളുടെ വിശദാംശം ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കേണ്ടതുമാണ്.

## 1-38 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ

നിലനിറുത്തിയിരിക്കുന്നു.

03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. അതായത് തുക നേരിട്ട് ഗുണഭോക്തൃ സ്ഥാപനത്തിനോ, വ്യക്തിക്കോ ആണ് കൈമാറേണ്ടത്.

കൂടാതെ, സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന തുക അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ വിനിയോഗിക്കണമെന്നും, ഇപ്രകാരം ചെലവാക്കാനാകാത്ത തുക അതതു വർഷങ്ങളിൽ തന്നെ തിരികെ ഒടുക്കണമെന്നുമിരിക്കെ വിവിധ സംയുക്ത പദ്ധതികൾക്കായി ലഭിച്ച ചുവടെ ചേർക്കും പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് | ആവശ്യം | തുക ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|---|
| 320200207 | 450000 | ആയുർവേദ ആശുപത്രിയെ ആയുഷ് വെൽനസ് സെന്റർ ആയി ഉയർത്തുക | ആയുഷ് മിഷൻ |
| 320300199 | 47884 | ബഡ്സ് സ്കൂൾ അടിസ്ഥാന സൌകര്യം, അങ്കണവാടി , കുടിവെള്ളം, ഹെൽത്ത് ഇൻഷ്വറൻസ്, അങ്കണവാടി നെയിം ബോർഡ് | വനിത ശിശു വികസന വകുപ്പ്, കളക്ടറേറ്റ്, ജില്ലാ മിഷൻ |
| 320700104 | 900000 | അങ്കണവാടി നിർമ്മാണം, ഓൾഡ് ഏജ് ഹോം നിർമ്മാണം, ബഡ്സ് സ്കൂൾ വാഹനം | ബ്ലോക്ക് പഞ്ചായത്ത് |
| 320700202 | 380000 | ഇടമനക്കുഴി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | തിരുവനന്തപുരം കോർപ്പറേഷൻ |
| 320700204 | 73000 | അതിദാരിദ്ര്യ നിർമ്മാർജ്ജനം | ബ്ലോക്ക് പഞ്ചായത്ത് |

അതതു സാമ്പത്തിക വർഷങ്ങളിൽ ചെലവാക്കേണ്ട തുക ചെലവഴിക്കാതെയും , പദ്ധതി തുക എൻഡ് യൂസർക്ക കൈമാറാതെ ഗ്രാമപഞ്ചായത്തിന്റ അക്കൌണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ളതും സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമാണ്. പദ്ധതി പണത്തിന്റെ വിനിയോഗത്തിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനുവദനീയമായതിലും ഉയർന്ന സ്പെസിഫിക്കേഷൻ നൽകി പ്രവൃത്തി നിർവ്വഹിച്ചു-

39,192/- രൂപ തിരികെ അടവാക്കേണ്ടതാണ്.

1. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്റ്റുകളിൽ റൂഫിംഗ് പ്രവർത്തികൾക്ക് ആവശ്യമായ GI Pipe പില്ലറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് DAR 10.16.1പ്രകാരമുള്ള നിരക്കാണ് (168.81/kg) നൽകിയിരിക്കുന്നത്. പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 96/23, തേമ്പാംമൂട്ടം FHCനവീകരണം | 86/23, എയ്റോബിക് ബിൻ നിർമ്മാണം-മാർക്കറ്റ് | 102/23, പലച്ചാൽകോണം അംഗനവാടി നവീകരണം | 103/23, തെക്കേക്കുളം മണലി വാർഡ് അംഗനവാടി നവീകരണം | 99/23, അംഗനവാടി 4,6നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | അഭിഷേക് | ജയൻ | സുരേന്ദ്രൻ | രാജൻ | സജിനി |
| എം ബുക്ക് നം | 35/22-23 | 398/21-22 | 13/22 | 267/22 | 263/22 |
| ക്വാട്ട് ചെയ്ത തുക | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | 0.2 % Below | 0.1 % Below |
| ഫണ്ട് | മെ.ഫ(റോഡിതരം), DSR 2018, Cost Index 35.59 % | CFC, DSR 2016, Cost Index 37.93 % | മെ.ഫ(റോഡിതരം), DSR 2018, Cost Index 35.59 % | മെ.ഫ(റോഡിതരം), DSR 2018, Cost Index 35.59 % | മെ.ഫ(റോഡിതരം), DSR 2018, Cost Index 35.59 % |
| ബിൽ നം | 89/10.8.2022, 487120 | 71/16.7.2022, 2,72,047/- | 91/17.8.2022, 99,816 | 141/12.10.2022, 1,93,736 | 145/12.10.2022, 4,7,4068 |

DAR സ്പെസിഫിക്കേഷനിൽ 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete.

10.16.1 Hot Finished Welded Type Tubes എന്ന് പറയുന്നു.

DAR 10.16.1 ഇനം Tie Beam, Rafter,members.welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്.എസ്കവേഷൻ നടത്തി തറയിൽ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് Tie Beam, Rafter,members.welding By Electric Plant എന്നിവ ഉൾപ്പെടാത്തതിനാൽ DAR 10.1 പ്രകാരമുള്ള നിരക്ക് (101.29/kg) നൽകിയാൽ മതിയാകുന്നതാണ്. DAR 10.1 Specification Detailsചുവടെ പറയുന്നു.

10.1 Structural Steel Work In Single Section, Fixed With Or Without Connecting Plate, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of

Approved Steel Primer All Complete.

2022-23 ൽ പഞ്ചായത്തിൽ നിർവ്വഹണം നടത്തിയ സമാനമായ വിവിധ റൂഫിംഗ് വർക്കുകളിലെ GI Pipe പില്ലറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് DAR 10.1 നിരക്കാണ് നൽകിയിട്ടുള്ളത്. (ഉദാ. 100/23, അംഗനവാടി നം.7 നവീകരണം-വാർഡ് 3, 101/23, അംഗനവാടി നം.16.19 എന്നിവയുടെ നവീകരണം, 97/23- ഹോമിയോ ആശുപത്രി നവീകരണം, 95/23-FHC അടിസ്ഥാന സൌകര്യം ഒരുക്കൽ). ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകാനുള്ള കാരണം

വ്യക്തമാക്കുന്നതിനായി 27.7.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 8 നൽകുകയും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, സാങ്കേതിക അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുകയായിരുന്നുവെന്നും, Specification ൽ ഇത്തരത്തിലുള്ള വില വ്യത്യാസം ശ്രദ്ധയിൽപ്പെട്ടതിനാൽ ഇനി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികളിൽ അനുയോജ്യമയ Specification നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓരോ പ്രവൃത്തിയിലും അധികമായി നലകിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയുന്നു.

| പ്രവൃത്തിയുടെ പേര് | 96/23, തേമ്പാംമൂട്ടം FHCനവീകരണം (എം ബുക്ക് പേജ് 1,13) | 86/23, എയ്റോബിക് ബിൻ നിർമ്മാണം-മാർക്കറ്റ് (എം ബുക്ക് പേജ് 7,40) | 102/23, പലച്ചാൽകോണം അംഗനവാടി നവീകരണം (എം ബുക്ക് പേജ് 2.14) | 103/23, തെക്കേക്കുളം മണലി വാർഡ് അംഗനവാടി നവീകരണം (എം ബുക്ക് പേജ് 3,43) | 99/23, അംഗനവാടി 4,6നവീകരണം (എം ബുക്ക് പേജ് 6.29,13,35) |
|---|---|---|---|---|---|
| ഉപയോഗിച്ച മെറ്റീരിയൽ/ അളവ് | 80 Mm GI Pipe-131.79 Kg | 65 Mm GI Pipe-99.99 Kg | 80 Mm GI Pipe-80.67 Kg | 75 Mm GI Pipe-21.65 Kg | 80 Mm GI Pipe-68.76 Kg (Anganawadi No.6)<br>80 Mm GI Pipe-84.23 Kg (Anganawadi No.4)<br>Total- 152.99 Kg |
| അനുവദിച്ച തുക | 131.79 Kg X 168.81/kg = 22247.47 | 99.99 Kg X 124.48/kg = 12446.76 | 80.67 Kg X 168.81/kg = 13617.9 | 21.65 Kg X 168.81/kg = 3654.74 | 152.99 Kg X 168.81/kg = 25826.24 |
| അനുവദിക്കാവുന്ന തുക | 131.79 Kg X 101.29/kg = 13349.01 | 99.99 Kg X 80.62/kg = 8061.2 | 80.67 Kg X 101.29/kg = 8171.06 | 21.65 Kg X 101.29/kg = 2192.93 | 152.99 Kg X 101.29/kg = 15496.36 |
| അധികം നൽകിയ തുക | 8898 | 4386 | 5447 | 1462 | 10330 |
| ടെൻഡർ കുറവ് | 0 | 0 | 0 | (0.2%) 3 | (0.1%) 10 |
| ആകെ | 8898 | 4386 | 5447 | 1459 | 10320 |

ആകെ - 30,510/-

2. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 278/22-23 ,വിവിധ വാർഡുകളിലെ പൊതു കിണർ നവീകരണം എന്ന പ്രോജക്ടിൽ കിണറിന് Cover lbg Grill സ്ഥാപിക്കുന്ന പ്രവർത്തിക്ക് DAR 9.48.1 പ്രകാരമുള്ള നിരക്കാണ് (194.59/kg) നൽകിയിരിക്കുന്നത്. പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 278/22-23, വിവിധ വാർഡുകളിലെ പൊതു കിണർ നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

| | |
|---|---|
| കരാറുകാരൻ | രാജൻ |
| എം ബുക്ക് നം | ഇ എംബുക്ക് |
| ക്വാട്ട് ചെയ്ത തുക | 0.01% Below , Cost Index 35.59% |
| ഫണ്ട് | CFC |
| ബിൽ നം | 563/27.3.2023, 1,40,866/- |

DAR സ്പെസിഫിക്കേഷനിൽ ' Providing And Fixing M.S. Grills Of Required Pattern In Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete.

9.48.1 Fixed To Steel Windows By Welding ' എന്ന് പറയുന്നു.

ഇത് ജനൽ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട നിരക്കാണ്.

കിണറിന് Cover Ibg Grill സ്ഥാപിക്കുന്ന പ്രവർത്തിക്ക് 10.25.2 എന്ന നിരക്ക് (154.18/kg) നൽകിയാൽ മതിയാകുന്നതാണ്. ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനായി 27.7.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 8 നൽകിയരുന്നു.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ Specification ൽ Ms Grill എന്ന് കണ്ടെതിനാലും ആയത് ശരിയായി വ്യാഖ്യാനിക്കാൻ സാധിക്കാത്തതിനാലും ആണ് 9.48.1 എന്ന ഐറ്റം ഉൾപ്പെടുത്തിയതെന്നും, ടി രണ്ടു ഐറ്റങ്ങൾ തമ്മിൽ താരതമ്യം ചെയ്യാത്തിതനാൽ വ്യത്യാസം കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ഇനി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ശരിയായാ Specification ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

9.48.1 പ്രകാരം അനുവദിച്ച തുക - 214.838 X 194.59 = 41,805.44

10.25.2 പ്രകാരം അനുവദിക്കാവുന്ന തുക - 214.838 X 154.18 = 33,123.72

അധികം നൽകിയ തുക (41,805.44 - 33,123.72) = 8,682/-

( ടെൻഡർ കുറവ് 0.01% Below നാമമാത്രമായതിനാൽ കണക്കാക്കുന്നില്ല )

ഇത്തരത്തിൽ ക്രമ നം.(1) ൽ അധികം നൽകിയ 30,510/- രൂപയുടെയും ക്രമനം (2) ൽ അധികം നൽകിയ 8,682/- രൂപയുടെയും ഉൾപ്പെടെ ആകെ 39192/- രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. ടി തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | | 150000 | 189/23 വാഴകൃഷി വികസനം | 150000 | |
| | | | 3496116 | 126/23 ലൈഫ് (ജനറൽ) | 3496116 | |
| | | | 570000 | 139/23 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 570000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | 200000 | 43/23 അംഗൻവാടി പോഷകാഹാരം | 200000 | |
| | | | 200000 | 351/23 വൃദ്ധസദനം തുടർപ്രവർത്തനം | 200000 | |
| | | | 539628 | 191/23 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 539628 | |
| | | | 100000 | 331/23 അതിദരിദ്രർക്ക് ഭക്ഷണം | 27000 | 73000 |
| | | | 200000 | 255/23 ഇരുപതാം വാർഡിലെ അംഗൻവാടിയുടെ അടിസ്ഥാന സൗകര്യം | 0 | 200000 |
| | | | 200000 | 351/23 വൃദ്ധസദനം തുടർപ്രവർത്തനം | 0 | 200000 |
| ആകെ | | | 5655744 | | 5655744 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | | 14000 | 213/23 ഹരിതഭവനം | 14000 | |
| | | | 546795 | 126/23 ലൈഫ് (ജനറൽ) | 546795 | |
| | | | 286200 | 168/23 ലൈഫ് മിഷൻ (എസ്.സി.പി) | 286200 | |
| | | | 570000 | 50/23 സ്നേഹസ്പർശം -മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 570000 | |
| | | | 570000 | 139/23 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 570000 | |
| ആകെ | | | 1986995 | | 1986995 | 0 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് ( ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000 | 5655744 | 6155744 | 5182744 | 973000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 1986995 | 1986995 | 1986995 | 0 |
| മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നു ലഭിച്ചത് | 380000 | 0 | 380000 | 0 | 380000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ചെക്ക് നം. 948391/27.03.20203 പ്രകാരം പോസ്റ്റ് ഷിഫ്റ്റിംഗ് ന നൽകിയത് | 13040 | 0 | 13040 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം ( ലെഡ്ജർ പ്രകാരം) | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2,158,697.00 | 13040 | 2171737 | ലഭ്യമായില്ല | 2,171,737.00 |
| കെ.ഡബ്ല്യു.എ. | 4,487,700.00 | 0 | 4,487,700.00 | ലഭ്യമായില്ല | 4,487,700.00 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | പത്രിക പ്രകാരം) | |
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 37012000 | 5979788 | 5189010 | 37802778 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 19859382.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 73878552.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64785570.00 |
| നീക്കിയിരിപ്പ് | 28952364.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39192.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,93,392/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 39192 | ശ്രീ.വിജയകുമാർ.വി.എസ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 39192 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമനമ്പർ | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 1. | 1-13 | 3,80,952/ | ഡോ.മൃദുല.( വെറ്റിനറി സർജൻ) |
| 2. | 1-16 | 1,52,140/ | ഡോ.സുവീണ(ഹോമിയോ ഡോക്ടർ) |
| 3. | 1-17 | 60.300/ | ഡോ.രജിത.ഡി.ആർ(മെഡിക്കൽ ഓഫീസർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മൃദുല (വെറ്റിനറി സർജൻ) | വെറ്റിനറി സർജൻ, ബാലരാമപുരം പഞ്ചായത്ത് | പ്രവീൺഹൗസ്, മലയിൻകീഴ്,മലയിൻകീഴ്(പി.ഒ) |
| ഡോ.സുവീണ (ഹോമിയോഡോക്ടർ) | ഹോമിയോഡോക്ടർ, ബാലരാമപുരം പഞ്ചായത്ത് | കുന്നിപ്പുറം റോഡ്,നെയ്യാറ്റിൻകര. |
| ഡോ.രജിത.ഡി.ആർ. (മെഡിക്കൽ ഓഫീസർ) | മെഡിക്കൽ ഓഫീസർ, ബാലരാമപുരം പഞ്ചായത്ത് | ഫിനോലിക്സ്,റ്റി.സി.52/254, കൈമനം, പാപ്പനംകോട്. |
| ശ്രീ.വിജയകുമാർ വി.എസ്. (അസി.എഞ്ചിനീയർ) | അസി.എഞ്ചിനീയർ, ബാലരാമപുരം പഞ്ചായത്ത് | നികുഞ്ജം, ഊരൂട്ടുകാല, നെയ്യാറ്റിൻകര. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2004-05 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 1<br>(3-10) |
| 2005-06 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 2<br>(3-5, 3-6) |
| 2006-07 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 5<br>(2-1 (3), 2-5 (2), 3-3, 3-4, 3-7) |
| 2007-08 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 1<br>(2-2) |
| 2012-13 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 3<br>(3-7, 3-9, 3-13) |
| 2013-14 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 4<br>(2-3, 3-2, 3-7, 3-13) |

| | | |
|---|---|---|
| 2014-15 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 5<br>(2-2, 3-10 (സി), 3-10 (ഡി),<br>3-11 (സി), 3-14) |
| 2015-16 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 3<br>(2-6, 3-4, 3-10) |
| 2016-17 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 7<br>[2-5, 3-1, 3-4, 3-6,<br>3-7, 3-10 (1), 3-10 (2)] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1898/2018 തീയതി 19.02.2019 | 15 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/404/2020 തീയതി 21.01.2021 | 27 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/899/2021 തീയതി 09.11.2022 | 9 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/689/2022 തീയതി 03.06.2022 | 51 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/67/2023തീയതി 04.03.2023 | 26 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Balaramapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Balaramapuram Grama Panchayat for the year 2022-2023

Date: 15/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Balaramapuram Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1. Mandatory financial statements as peraccounting rules like ratios not submitted with AFS.
2. stale cheque no. 808709/17.05.2022 (Rs.450/-) not boked so.
3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
4. Demand, collection, balance in respect of property tax does not match with Sanchaya records.
5. Demand, collection, balance in respect of licence fee (current), profession tax (arrears) does not match with the regiesters kept.
6. Journal, Contra vouchers not kept with supporting documents.

7. Expenses not met during the year not booked under liability head in the balance sheet.
8. Stock and stores not valued and booked as asset in the AFS.
9. Balance in the e payment account does not match with the e -portal statement.
10. Lapses in making timely and accurate demand entries in respect of tax revenue- Monthly demand entries are not made in ledgers of property tax
11. sufficient amount of capital contribution is not provided inrespect of asset value.
12. statement for arriving excess of income over expenditure not provided.
13. Accumulated depreciations exceeds group asset value.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്